(സി&ഡി) ഹൈക്കോടതി വിധി നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു എന്ന് ഇലക്ട്രിസിറ്റി ബോർഡ് അറിയിച്ചിട്ടുണ്ട്.

ഹൈക്കോടതി ഉത്തരവിനെതിരെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നേടിയ രണ്ടുപേർ സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുണ്ടെന്നും ഈ അപ്പീലിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ ഒഴിവുകൾ നീക്കിവെച്ച സമയം 10% കവിഞ്ഞിട്ടില്ല എന്ന ബോർഡിന്റെ നിലപാട് സുപ്രീം കോടതിയിൽ സ്വീകരിക്കാൻ സ്റ്റാൻഡിംഗ് കൗൺസിലിന് നിർദ്ദേശം നൽകിയിട്ടുള്ളതായും ഇലക്ട്രിസിറ്റി ബോർഡ് അറിയിച്ചിട്ടുണ്ട്.

പട്ടികവിഭാഗ സമുദായങ്ങളുടെ ക്ഷേമത്തിനും പുരോഗതിക്കുമായി നടപ്പിലാക്കിവരുന്ന പദ്ധതികൾ

135 (1027) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികവിഭാഗ സമുദായങ്ങളുടെ ക്ഷേമത്തിനും പുരോഗതിക്കുമായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) പുതുതായി ആവിഷ്ക്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത വിഭാഗം ജനങ്ങളുടെ ക്ഷേമത്തിനും പുരോഗതിക്കുമായി സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന പദ്ധതികളുടെ ആനുകൂല്യം യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പട്ടിക സമുദായവിഭാഗങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ സമുദായങ്ങളുടെ ക്ഷേമത്തിനും പുരോഗതിക്കുമായി നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധം-I ൽ ചേർത്തിട്ടുണ്ട്.*

പട്ടികജാതിക്കാരുടെ ക്ഷേമത്തിനും പുരോഗതിക്കും വേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം - II ൽ ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി)

1. പട്ടികവർഗ്ഗ മേഖലകളിലെ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവികസനം.
2. വയനാട് ജില്ലയിലെ കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തൽ.
3. പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ.
4. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി
5. പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ
6. എറണാകുളത്ത് ഒരു ട്രൈബൽ കോംപ്ലക്സ് സ്ഥാപനം

എന്നീ പദ്ധതികളാണ് പട്ടികവർഗ്ഗ വികസന വകുപ്പിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

പട്ടികജാതി വികസനവകുപ്പ് പുതിയതായി ആവിഷ്ക്കരിച്ചു നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെപറയുന്നവയാണ്.

1. പോസ്റ്റുമെട്രിക് ഹോസ്റ്റലുകളുടെ നവീകരണ പദ്ധതി
2. സ്വയംതൊഴിൽ പദ്ധതി
3. ജേർണലിസം കോഴ്സ് തുടങ്ങുന്നു.
4. ഐ. ടി. ഐ./ഐ. റ്റി. സി./ഡിപ്ലോമ/എഞ്ചിനീയർ വിജയികൾക്ക് അപ്രന്റീസ് പരിശീലനം
5. ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കൽ
6. മണ്ണന്തലയിൽ ഡോ. അംബേദ്കർ ഭവനം നിർമ്മാണം
7. എല്ലാ പ്രൊഫഷണൽ കോഴ്സുകളിലും എൻട്രൻസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് സ്ഥാപനങ്ങളിൽ പഠിക്കുന്നതിനുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി.

(സി) പട്ടികവിഭാഗം ജനങ്ങളുടെ ക്ഷേമത്തിനും പുരോഗതിക്കും നടപ്പാക്കുന്ന പദ്ധതികളുടെ ആനുകൂല്യം യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതാണെന്ന് ഉറപ്പാക്കാൻ ഒരു സ്റ്റേറ്റ് കമ്മിഷൻ ഫോർ എസ്. സി./എസ്.ടി. രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. എസ്. സി./എസ്.ടി. പ്രോമോട്ടർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ നടപ്പിലാക്കിയ പദ്ധതികൾ ഒരു ഔട്ട്സൈഡ് ഏജൻസിയെക്കൊണ്ട് വിലയിരുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗക്കാരെ ക്ഷേമത്തിനായി 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ 140.67 കോടി രൂപ ചെലവഴിച്ചു. പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി 2001-2002, 2002-2003 വർഷങ്ങളിൽ 197.42 കോടിരൂപ ചെലവഴിച്ചു.

പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ

136 (1028) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നൂറ് ശതമാനം കേന്ദ്ര സർക്കാർ സാമ്പത്തികസഹായം അനുവദിച്ച പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ നടപ്പാക്കുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലഘട്ടങ്ങളിൽ അനുമതി കിട്ടിയതും പൂർണ്ണമായും കേന്ദ്ര സർക്കാർ അധികാര സാമ്പത്തിക സഹായം അനുവദിച്ചതുമായ പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നടപ്പാക്കൽ ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 100% കേന്ദ്ര സഹായത്തിൽപ്പെടുത്തി സാമ്പത്തിക സഹായം ലഭിച്ച പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് 100% കേന്ദ്രസഹായം എന്നപേരിൽ നടത്തിവരുന്ന പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ നിലവാരം ഉയർത്തൽ പദ്ധതികളുടെ 70%ത്തോളം ചെലവ് സംസ്ഥാനമാണ് വഹിക്കുന്നത്.

(ബി) പട്ടികജാതി ക്ഷേമത്തിനായി ഈ വിഭാഗത്തിനായുള്ള പോസ്റ്റുമെട്രിക് വിദ്യാഭ്യാസ ആനുകൂല്യ പദ്ധതിയും, വിദ്യാഭ്യാസ നിലവാരമുയർത്തുന്നതിനായുള്ള പദ്ധതിയും പ്രത്യേകഘടക പദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്രസഹായ പദ്ധതികളും നിലവിലുണ്ടായിരുന്നതും തുടർച്ചയായി നടത്തിവരുന്നവയുമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷവും ഇവ സുഗമമായി നടത്തിവരുന്നു.

പട്ടികവർഗ്ഗ ക്ഷേമത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുമതി ലഭിച്ചവ.

1. എം. ആർ. എസ്. പൂക്കോട്, വയനാട്.
2. എം. ആർ. എസ്. ഇടുക്കി.
3. അട്ടപ്പാടി ആരോഗ്യ പദ്ധതി ആശുപത്രി കെട്ടിട നിർമ്മാണം.

ഈ സർക്കാരിന്റെ കാലത്ത് അനുമതി കിട്ടിയവ

1. എം. ആർ. എസ്. (സി. ബി. എസ്. ഇ.) ഞാറനീലി

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XI

[24-6-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 135(1029) ന്റെ ഉത്തരം ദയവായി കാണുക]

Annexure I

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ

എ. ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകൾ

1. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കുമായി വയോജന വിദ്യാഭ്യാസ പരിപാടികൾ നടപ്പിലാക്കുക.
2. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഓല മേയുന്നതിന് ധനസഹായം നൽകുക.
3. പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും കോളനികളിൽ കിണറുകളും പൊതുജലടാപ്പുകളും തെരുവുവിളക്കുകളും ഏർപ്പെടുത്തുക.
4. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വിവാഹം, വൈദ്യചികിത്സ, ഉപരിപഠനം, ഇന്റർവ്യൂവിന് പോകുന്നതിലേയ്ക്കുള്ള യാത്രാബത്ത എന്നിവയ്ക്ക് സഹായധനം നൽകുക.
5. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് കോളനി രൂപീകരണ പദ്ധതികൾ നടപ്പിലാക്കുക.
6. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വിവേചനാധിഷ്ഠിത (ഡിസ്ക്രഷനറി) ഗ്രാന്റുകൾ നൽകുക.
7. വൃത്തിഹീനമായ തൊഴിലിലേർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുക.
8. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് സഹായിക്കുകയും മാർഗ്ഗ നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യുക.
9. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികളുടെ ക്ഷേമ പരിപാടികൾ ആരംഭിക്കുക.

ബി. ബ്ലോക്ക് പഞ്ചായത്തുകൾ നിർവ്വഹിക്കേണ്ട അനിവാര്യ ചുമതലകൾ

1. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ഭവന നിർമ്മാണത്തിന് ധനസഹായം നൽകുക.
2. പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും ഇടയിലുള്ള ഭൂരഹിതരെയും ഭവനരഹിതരെയും പുനരധിവസിപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

3. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ഭവന നിർമ്മാണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

4. പട്ടികജാതി-പട്ടികവർഗ്ഗ വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കൊടുക്കുക.

5. പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

6. കോളനി നിവാസികൾക്കുള്ള ആരോഗ്യ പദ്ധതികൾ നടപ്പിലാക്കുക.

സി. ജില്ലാ പഞ്ചായത്തുകൾ നിർവ്വഹിക്കേണ്ട അനിവാര്യ ചുമതലകൾ

1. പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരുമായ സമർത്ഥരായ വിദ്യാർത്ഥികൾക്ക് കൂടുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകൽ.

2. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായിട്ടുള്ള ബാലവാടികൾ, നഴ്സറി സ്കൂളുകൾ, സീസണൽ ഡേ കെയർ കേന്ദ്രങ്ങൾ, ഡോർമിറ്ററി എന്നിവയുടെ നടത്തിപ്പ്.

3. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വേണ്ടി സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക.

ഡി. മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളുടെ അനിവാര്യ ചുമതലകൾ

1. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കുമായി വയോജന വിദ്യാഭ്യാസ പരിപാടികൾ നടപ്പിലാക്കുക.

2. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വീട് ഓല മേയുന്നതിന് ധനസഹായം നൽകുക. ഭവനനിർമ്മാണത്തിന് ധനസഹായം നൽകുക.

3. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള കോളനികളിൽ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുക.

4. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വിവാഹം, വൈദ്യചികിത്സ, ഉപരിപഠനം.

5. പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിലുള്ള കുട്ടികൾക്ക് വേണ്ടി ക്ഷേമ പരിപാടികൾ ആരംഭിക്കുക.

6. ദുർബല വിഭാഗത്തിന് നിയമസഹായ സമിതികൾ രൂപീകരിക്കുക.

7. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കു വേണ്ടിയുള്ള മറ്റുക്ഷേമ പരിപാടികൾ നടപ്പിലാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - XI (a)

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം 135(1029)-ന്റെ ഉത്തരം ദയവായി കാണുക]

Annexure II

പട്ടികജാതി വികസനവകുപ്പിൽ നിന്നും ത്രിതല പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്ത പദ്ധതികൾ

(എ) ഗ്രാമപഞ്ചായത്തുകൾ

1. വീട് ഓലമേയുന്നതിനുള്ള ധനസഹായം
2. വീട് ഓട് മേയുന്നതിനുള്ള ധനസഹായം
3. മത്സര പരീക്ഷകൾക്കും ഇന്റർവ്യൂവിനുമുള്ള യാത്രപ്പടി വിതരണം
4. വിവാഹം, ചികിത്സ എന്നിവയ്ക്കുള്ള ധനസഹായം
5. പ്രീ-പ്രൈമറി വിദ്യാഭ്യാസം

(ബി) ബ്ലോക്ക് പഞ്ചായത്തുകൾ

1. ഭവന നിർമ്മാണ ധനസഹായം
2. ഭൂരഹിത-ഭവനരഹിത പട്ടികജാതിക്കാരുടെ പുനരധിവാസം
3. പ്രീ-മെട്രിക് ഹോസ്റ്റലുകൾ
4. ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികജാതിക്കാരുടെ പുനരധിവാസം

(സി) ജില്ലാ പഞ്ചായത്തുകൾ

1. മെച്ചപ്പെട്ട വിദ്യാഭ്യാസം
2. പുറമ്പോക്ക് നിവാസികളുടെ പുനരധിവാസം

(ഡി) ജില്ലാ പഞ്ചായത്തുകൾ

ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള എല്ലാ പദ്ധതികളും മുനിസിപ്പൽ പ്രദേശത്ത് മുനിസിപ്പാലിറ്റികൾക്ക് കൈമാറിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ വികസനവകുപ്പിൽ നിന്നും ത്രിതല പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്ത പദ്ധതികൾ

(എ) ഗ്രാമപഞ്ചായത്തുകൾ

1. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള യാത്രപ്പടി (പബ്ലിക് സർവ്വീസ് കമ്മീഷനും മറ്റും നടത്തുന്ന ഇന്റർവ്യൂവിന് പോകുന്ന പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കുള്ള യാത്രപ്പടി നൽകുന്ന പദ്ധതിയാണിത്)
2. വയോജന വിദ്യാഭ്യാസം
3. ഓലകെട്ടിമേയുന്നതിന് ധനസഹായം
4. കിണറുകളും ശുദ്ധജല വിതരണവും
5. സാങ്കേതിക പരിശീലനം സിദ്ധിച്ചവർക്ക് ധനസഹായം
6. യുക്തിസഹ ധനസഹായം
7. മിശ്രവിവാഹ ധനസഹായം
8. ബാലവാടികളും ക്രഷേകളും
9. പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം

(ബി) ബ്ലോക്ക് പഞ്ചായത്തുകൾ

1. കോളനൈസേഷൻ സ്കീം
2. ഭവന നിർമ്മാണം
3. ഭവന നിർമ്മാണത്തിന് ഭൂമി വിലയ്ക്കെടുക്കൽ

(സി) ജില്ലാപഞ്ചായത്തുകൾ

സമർത്ഥരായ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം

LIBRARY ARCHIVES Kerala Legislative Assembly